# പ്രധാനമന്ത്രി ദക്ഷിണാഫ്രിക്കൻ പ്രെസിഡന്റുമായി കൂടിക്കാഴ്ച നടത്തി

ഓഗസ്റ്റ് 23, 2023

ജൊഹാനസ്ബർഗിൽ 2023 ഓഗസ്റ്റ് 22-ന് നടന്ന ബ്രിക്സ് ഉച്ചകോടിക്കിടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് ശ്രീ സിറിൽ റമാഫോസയുമായി ഉഭയകക്ഷി ചർച്ച നടത്തി.

2 പ്രതിരോധം, കൃഷി, വ്യാപാരം, നിക്ഷേപം, ആരോഗ്യം, പരിസ്ഥിതി സംരക്ഷണം, ഇരു രാജ്യങ്ങളിലെ ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നിങ്ങനെ വിവിധ മേഖലകളിൽ ഇന്ത്യയും ദക്ഷിണാഫ്രിക്കയും കൈവരിച്ച പുരോഗതി നേതാക്കൾ അവലോകനം ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി.

3 ഇരു രാജ്യങ്ങളും പരസ്പരപ്രസക്തമാർന്ന പ്രാദേശിക അന്തർദേശിയ വിഷയങ്ങളിൽ ഏകോപനം തുടരേണ്ടതിന്റെ ആവശ്യകതെയെക്കുറിച്ചുള്ള ആശയങ്ങൾ കൈമാറി. ഇന്ത്യയുടെ ജി20 പ്രെസിഡെൻസിക്ക് സമ്പൂർണ പിന്തുണ അറിയിച്ച പ്രസിഡന്റ് റമാഫോസ ആഫ്രിക്കൻ യൂണിയന് ജി20യുടെ സ്ഥിര അംഗത്വം നൽകാനുള്ള നിർദേശത്തിനു

മുൻകൈയെടുത്ത ഇന്ത്യയുടെ നീക്കത്തേ അഭിനന്ദിച്ചു. ജി20 ഉച്ചകോടിക്കായി ന്യൂ ഡൽഹി സന്ദർശിക്കാൻ താൻ ആഗ്രഹിക്കുന്നുവെന്ന് പ്രസിഡന്റ് റമാഫോസ അറിയിച്ചു ബ്രിക്സ് ഉച്ചകോടിക്ക് വിജയകരമായി ആതിഥേയത്വം വഹിച്ചതിൽ പ്രധാനമന്ത്രി പ്രസിഡന്റ് റമാഫോസയെ അഭിനന്ദിച്ചു. ഇരു കക്ഷികൾക്കും സൗകര്യപ്രദമായ വേളയിൽ ദക്ഷിണാഫ്രിക്കയിലേക്കൊരു ഔദ്യോഗിക സന്ദർശനം നടത്താനുള്ള പ്രസിഡന്റ് റമാഫോസയുടെ ക്ഷണം പ്രധാനമന്ത്രി സ്വീകരിച്ചു.

**ജൊഹാനസ്ബർഗ്**
**ഓഗസ്റ്റ് 23, 2023.**